# ഓർഗാനൻ

വിശ്വസാഹിത്യത്തിലെ ഉത്തമഗ്രന്ഥങ്ങളിൽ ഒന്നാണ് സാമുവൽ ഹനിമാന്റെ 'ഓർഗാനൻ'. ഹോമിയോ ചികിത്സാതത്ത്വങ്ങളുടെ ആധികാരികമായ മൗലികതത്ത്വങ്ങളുടെ വിവരണമാണ് ഈ ഗ്രന്ഥം. "ശാസ്ത്രീയ ഗവേഷണങ്ങൾക്കുള്ള നിബന്ധനകളുടെ സമുച്ചയം" എന്നാണ് ഓർഗാനൻ എന്ന പദത്തിനർത്ഥം.

ബേക്കനും അദ്ദേഹത്തിനു മുൻപ് അരിസ്റ്റോട്ടിലും ഈ പദം മേൽ പറഞ്ഞ അർത്ഥത്തിൽ ഉപയോഗിക്കുകയുണ്ടായിട്ടുണ്ട്.

ആയുർവേദത്തെ സൂക്ഷ്മപ്രായമായി അംഗീകരിച്ചിട്ടുള്ള "തഥർത്ഥകാരി" (സാമ്യം സാമ്യത്തെ സുഖപ്പെടുത്തുന്നു, like cures the like) എന്ന തത്ത്വം തന്നെയാണ് ഹോമിയോപതി ശാസ്ത്രത്തിലെ മൗലികപ്രമാണം. സുശ്രുതന്റെ കാലത്ത് ഭാരതത്തിൽ എത്തിച്ചേർന്ന പൈതഗോറസ് മുതലായ പണ്ഡിതൻമാർ വഴി യൂറോപ്പിലേക്ക് കടന്ന് വളർന്ന് വികസിച്ചതാണ് ഈ തത്ത്വം.

നാല്പതിലേറെ കൊല്ലത്തെ പരിശ്രമഫലമായിട്ടാണ് ഹനിമാൻ ഹോമിയോപതി ചികിത്സാമാർഗ്ഗം സമഗ്രനിലയിൽ വികസിപ്പിച്ചെടുത്തത്.

ഓർഗാനന്റെ ഒന്നാംപതിപ്പ് 1810-ലും രണ്ടാംപതിപ്പ് 1819-ലും പ്രസിദ്ധീകരിക്കപ്പെട്ടു. 1833-ൽ ഹനിമാൻ തന്നെ അഞ്ചാംപതിപ്പും പ്രസിദ്ധപ്പെടുത്തി. 86-ാം വയസ്സിൽ മാറ്റങ്ങളോടെ പൂർത്തിയാക്കിയ ആറാംപതിപ്പ് അച്ചടിച്ചു കാണാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അഞ്ചുപതിപ്പുകളിലും കാണുന്ന VITAL FORCE എന്ന പ്രയോഗം ആറാംപതിപ്പിൽ VITAL PRINCIPLE എന്ന് തിരുത്തിയിട്ടുള്ളത് മാറ്റങ്ങളിൽ ശ്രദ്ധേയമാണ്.

"ഒരു ചികിത്സകന്റെ മൗലികവും പരിശുദ്ധവുമായ കർത്തവ്യം രോഗിക്ക് ആരോഗ്യം വീണ്ടെടുത്ത് നൽകുക അല്ലെങ്കിൽ രോഗം സുഖപ്പെടുത്തുക എന്നതാണ്". ഓർഗാനനിലെ ആദ്യത്തെ ഖണ്ഡികയാണ് മേലുദ്ധരിച്ചത്. ഒട്ടാകെയുള്ള 291 ഖണ്ഡികകളിൽ 71 വരെയുള്ള ഖണ്ഡികകൾ ഹോമിയോപതിയുടെ മൂലതത്ത്വങ്ങൾ വിശദമാക്കുന്നു. 72 മുതൽ 104

## പുസ്തകക്ഷേത്രം -4

**അഡ്വ. പി.രാംദാസ്**

വരെയുള്ള ഖണ്ഡികകൾ രോഗത്തെപ്പറ്റി സൂക്ഷ്മമായി ജ്ഞാനം നേടാനുള്ള മാർഗ്ഗത്തിന്റെ വിശദീകരണമാണ്. പരീക്ഷിച്ചറിഞ്ഞ ഔഷധങ്ങൾ പ്രത്യേകരോഗത്തിന് എങ്ങിനെ അനുയോജ്യമായി കണ്ടെത്താം എന്നതിന്റെ വിവരണമാണ് 146 മുതൽ 159 വരെയുള്ള ഖണ്ഡികകൾ. നിജരോഗം, സ്ഥാനിക രോഗം എന്നിവ എന്നാലെന്താണെന്ന് വിശദീകരിക്കുകയാണ് 160 മുതൽ 207 വരെയുള്ള ഖണ്ഡികകളിൽ. 208 മുതൽ 244 വരെയുള്ള ഖണ്ഡികകളിൽ മാനസികരോഗങ്ങളും, ഇടവിട്ടു വരുന്ന രോഗങ്ങളും വിശദീകരിക്കുന്നു. ഔഷധങ്ങൾ പ്രയോഗിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങളാണ് 245 മുതൽ 255 വരെയുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 259 മുതൽ 263 വരെയുള്ള ഖണ്ഡികകളിൽ പഥ്യാചരണം വിശദീകരിച്ചിരിക്കുന്നു. ഔഷധനിർമ്മാണമാണ് 264 മുതൽ 271 വരെയുള്ള ഖണ്ഡികകളിലെ വിഷയം. 272 മുതൽ 285 വരെയുള്ള ഖണ്ഡികകളിൽ ഹോമിയോപതി ഔഷധങ്ങളുടെ ഡോസിനെപറ്റിയുള്ള നിർദ്ദേശങ്ങൾ അടങ്ങിയിരിക്കുന്നു.

തുടർന്നുള്ള ആറുഖണ്ഡികകളിൽ മെസ്മെറിസം, വൈദ്യുതചികിത്സ, മാഗ്നറ്റിസം തുടങ്ങിയ ഏതാനും വിഷയങ്ങൾ ആണ് കൈകാര്യം ചെയ്തിരിക്കുന്നത്.

ഓർഗാനൻ മലയാളം ഉൾപ്പെടെയുള്ള വിവിധ ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

ഹോമിയോപതി സമഗ്രവും ലഘുവുമായ ഒരു ചികിത്സാരീതിയാണ്. സൂക്ഷ്മമായി മനസ്സിലാക്കിയാൽ അത് സമഗ്രവും അതീവ ഫലപ്രദവുമായതാണെന്ന് ആർക്കും കണ്ടെത്താൻ കഴിയും.

ഓർഗാനന്റെ ആറുപതിപ്പിന് ഗ്രന്ഥകാരൻ തയ്യാറാക്കിയ മുഖവുരയിലെ അവസാനഭാഗത്തിൽ നിന്നുള്ള ഒരു ഭാഗമാണ് മേൽ ചേർത്തത്. 1755-ൽ ജനിച്ച സാമുവൽ ഹനിമാൻ 1843-ൽ ദിവംഗതനായി.